# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3502 – 15/03/2018 ലെ മറുപടിക്ക്

## ബാങ്കുകൾ ജനങ്ങളെ കൊള്ളയടിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നത് പരിശോധിക്കാൻ നടപടി

**ചോദ്യം** | **ഉത്തരം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും സാധാരണ ഇടപാടുകാരിൽ നിന്നും അമിതമായും രഹസ്യമായും തുക ഈടാക്കുന്ന കാര്യം പരിശോധിക്കുമോ; | കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിൽപെടുന്ന വിഷയമല്ല. ബാങ്കുകൾ സ്വീകരിക്കുന്ന നടപടികളുടെ ഫലമായി ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന പ്രശ്നങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി | എസ് ബി ടി /എസ് ബി ഐ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകിയ വിദ്യാഭ്യാസ ലോണുകൾ തിരിച്ചുപിടിക്കുവാൻ കോർപ്പറേറ്റുകളെ ഏൽപ്പിച്ചകാര്യം ധനകാര്യ വകുപ്പ് പരിശോധിക്കുമോ; | |
| സി | സംസ്ഥാനത്തെ ജനങ്ങളുടെ പണം കൊണ്ട് പ്രവർത്തിക്കുന്ന ഇത്തരം ബാങ്കുകൾ ജനങ്ങളെ കൊള്ളയടിക്കുകയും ജനങ്ങളെ ദ്രോഹിക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ; | |
| ഡി | ബാങ്കുകൾ സാധാരണക്കാർക്ക് നൽകേണ്ട പലിശ കുറഞ്ഞ വായ്പകൾ നൽകാതിരിക്കുന്ന കാര്യം പരിശോധിക്കുമോ; | |
| എഫ് | ബാങ്ക് ലോണുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| ഇ | എസ് ബി ടി /എസ് ബി ഐ ബാങ്കുകൾ 2016-17, 2017-18 വർഷങ്ങളിൽ നൽകിയ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; ശാഖ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | എസ്.എൽ.ബി.സി ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ പ്രകാരം, 2016-17 സാമ്പത്തിക വർഷത്തിൽ എസ്.ബി.റ്റി. 183.95 കോടി രൂപയുടെയും എസ്.ബി.ഐ. 314.79 കോടി രൂപയുടെയും വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ സെപ്റ്റംബർ 2017 വരെയുള്ള കണക്കനുസരിച്ച് എസ്.ബി.ഐ 180.56 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പയാണ് അനുവദിച്ചിട്ടുള്ളത്. ശാഖ തിരിച്ചുള്ള വിവരം ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**